പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം : 3061

15.02.2013-ൽ മറുപടി
നൽകേണ്ടതിയിരുന്നത്

## മൂന്നാർ പ്രദേശത്ത് വൻതോതിൽ നടക്കുന്ന ഭൂമികൈയ്യേറ്റം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ.കെ. ജയചന്ദ്രൻ | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ)മൂന്നാർ പ്രദേശത്ത് വൻതോതിൽ നടക്കുന്ന ഭൂമികൈയ്യേറ്റം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഒഴിപ്പിച്ച സ്ഥലങ്ങളിൽപോലും നിലവിൽ വ്യാപകമായ കൈയ്യേറ്റം നടക്കുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഇല്ല. |
| (ബി) തുടർച്ചയായുള്ള അവധി ദിനങ്ങളും മറ്റും മറയാക്കി നടത്തുന്ന പ്രസ്തുത കൈയ്യേറ്റം തടയാൻ നടപടിയെടുക്കുമോ; | (ബി) തുടർച്ചയായുള്ള അവധി ദിനങ്ങളിലും മറ്റും ഭൂമി കയ്യേറ്റം ഉണ്ടാകാൻ സാദ്ധ്യതയുള്ളതിനാൽ ഇക്കാര്യത്തിൽ വേണ്ട ജാഗ്രത പുലർത്താൻ എല്ലാ വില്ലേജ് ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പീരുമേട്, ഉടുമ്പൻചോല, ദേവികുളം എന്നീ താലൂക്കുകൾ ആസ്ഥാനമാക്കി പ്രവർത്തി ക്കുന്ന ഭൂസംരക്ഷണസേനയുടെ സഹായവും ഇക്കാര്യത്തിൽ വില്ലേജ് ഓഫീസർമാർക്ക് ലഭിക്കുന്നുണ്ട്. |
| (സി) വളരെ പരസ്യമായി നടത്തുന്ന ഇത്തരം കൈയ്യേറ്റങ്ങൾ തടയുന്നതിന് ഉചിതമായ നടപടികൾ സ്വീകരിക്കാത്തത് പരിശോധി ക്കുമോ? | (സി) ഇത്തരം കയ്യേറ്റങ്ങൾ ശ്രദ്ധയിൽ പ്പെട്ടാൽ അപ്പോൾ തന്നെ ആയത് ഒഴിപ്പിച്ച് സർക്കാർ അധീനതയിൽ എടുക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ